കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു വരികയാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്റ്റേറ്റ് പ്രിസൺ റിവ്യൂ കമ്മിറ്റി കൂടുകയുണ്ടായില്ല.

(എഫ്) ശിക്ഷാകാലാവധി കഴിഞ്ഞ തടവുകാരാരും ഇപ്പോൾ ജയിലുകളിൽ ഇല്ല.

ജീവപര്യന്തം തടവുകാരും പരോൾ വ്യവസ്ഥകളും

98 [1573] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിൽ ശിക്ഷയ്ക്ക് വിധേയമായി കഴിയുന്നവർ എത്ര പേരുണ്ട്;

(ബി) ഇതിൽ ജീവപര്യന്തം ശിക്ഷയ്ക്ക് വിധേയരായവർ എത്ര;

(സി) പരോൾ നൽകുന്നതിന് ഇന്നു സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ഇപ്പോൾ എത്രപേർ പരോളിൽ പുറത്ത് നിൽക്കുന്നുണ്ട് എന്നു വ്യക്തമാക്കുമോ;

(ഇ) പരോൾ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനു സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എഫ്) ജയിലിൽ ഇന്നു നൽകിവരുന്ന ഭക്ഷണക്രമം എന്താണ്; ഇത് പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നു വിശദീകരിക്കാമോ?

ഉത്തരം

(എ) 2,206 പേർ (1-1-2004-ലെ കണക്ക് അനുസരിച്ച്).

(ബി) 1,115 പേർ.

(സി) ഒരു വർഷമോ അതിനുമേലോ ശിക്ഷിയ്ക്കപ്പെട്ടിട്ടുള്ളവരും ആകെ ശിക്ഷയുടെ $\frac{1}{3}$ അല്ലെങ്കിൽ രണ്ട് വർഷമോ ഇതിലേതാണോ കുറവ് അത്രയും ശിക്ഷ അനുഭവിച്ചിട്ടുള്ള തടവുകാർക്ക് ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റേയും പ്രൊബേഷൻ ഓഫീസറുടെയും അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6 മാസത്തിലൊരിയ്ക്കൽ 30 ദിവസത്തെ സാധാരണ അവധി നൽകിവരുന്നു.

2/197/2013—17.

LIBRARY ARCHIVES Kerala Legislative Assembly

ഒരു തടവുകാരന്റെ ഏറ്റവും അടുത്ത ബന്ധുക്കൾ (അച്ഛൻ, അമ്മ, ഭാര്യ, മക്കൾ, സഹോദരങ്ങൾ, മരുമക്കത്തായ കുടുംബങ്ങളിൽ അമ്മാവൻ) ഇവരുടെ മരണമോ അത്യാസന്ന നിലയിലുള്ള രോഗമോ ഉള്ള അവസ്ഥയിൽ അവരെ കാണുന്നതിനുവേണ്ടി ഒരു ഗവൺമെന്റ് സിവിൽ സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് പരമാവധി ഏഴു ദിവസംവരെയും തുടർന്നു വകുപ്പദ്ധ്യക്ഷൻ (സൂപ്രണ്ട് നൽകുന്ന 7 ദിവസം ഉൾപ്പെടെ) 10 ദിവസം വരെയും അടിയന്തിരാവധി നൽകി വരുന്നു.

തുറന്ന ജയിലിൽ ഒരു വർഷം ശിക്ഷ പൂർത്തിയാക്കിയ തടവുകാർക്ക് ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ആഫീസറുടെ അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർഷത്തിലൊരിയ്ക്കൽ 15 ദിവസത്തെ ഹോം ലീവ് അനുവദിക്കുന്നുണ്ട്.

(ഡി) 108 തടവുകാർ.

(ഇ) ഉണ്ട്. റിട്ട. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിക്കുകയും സമിതി ഇക്കാര്യം പഠിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിഗണിച്ചു വരുന്നു.

(എഫ്) ജയിലുകളിൽ ഇന്നു നൽകിവരുന്ന ഭക്ഷണക്രമത്തിന്റെ വിശദമായ ലിസ്റ്റ് അനുബന്ധമായി† ചേർത്തിരിക്കുന്നു. ജയിലുകളിൽ നിലവിലുള്ള ഭക്ഷണക്രമങ്ങളെക്കുറിച്ച് പഠിച്ച്, മെച്ചപ്പെട്ട ഭക്ഷണം ശുപാർശ ചെയ്യുന്നതിലേക്ക് ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി അദ്ധ്യക്ഷയായി നിയമിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിഗണിച്ചു വരുന്നു.

തടവുകാരുടെ പരോൾ വ്യവസ്ഥകൾ ഉദാരമാക്കുന്നതിന് നടപടികൾ

99 [1574] ശ്രീ. ബിനോയ്‌വിശ്വം :

" എൻ. രാജൻ :

" എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടവുകാരുടെ പരോൾ വ്യവസ്ഥകൾ ഉദാരമാക്കണമെന്നുള്ള ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly